# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727379,0471 2727378email : obcdirectorate@gmail.com, website : www.bcdd.kerala.gov.in

**BCDD-A3-1423-17(1)** തീയതി : **30/10/2017**

ഭരണഭാഷ - മാതൃഭാഷ

## നോട്ടിഫിക്കേഷൻ

**വിഷയം : പിന്നാക്ക വിഭാഗ വികസനം -എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം-2017-18 അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.**

സൂചന : സ.ഉ(സാധാ) 87/2017/പി.വി.വി.വ തീയതി 16.08.2017

**********

**പി**ന്നാക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (2017-18) എന്ന പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ്, സിവിൽ സർവ്വീസ് പരീക്ഷ , ബാങ്കിങ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് പ്രശസ്തിയും സേവന പാരമ്പര്യവും, മുൻവർഷങ്ങളിൽ മികച്ച റിസൽട്ട് സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. സ്ഥാപനങ്ങളുടെ നിലവാരം തൃപ്തികരമല്ല എന്ന് വകുപ്പിന് ബോധ്യപ്പെടുന്നപക്ഷം, അത്തരം സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതായിരിക്കും. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

***മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും***

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെട്ട സമുദായാംഗം ആയിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. കുടുംബവാർഷിക വരുമാനം **2 ലക്ഷംരൂപ**യിൽ അധികരിക്കരുത്.
4. പ്രശസ്തിയും സേവനപാരമ്പര്യവും ഉള്ള സ്ഥാപനത്തിൽ നിലവിൽ പരിശീലനം നടത്തുന്നവരായിരിക്കണം.
5. **Sunday/Holiday Batch/Short term batch (6 മാസത്തിൽ കുറഞ്ഞ കോഴ്സ് ദൈർഘ്യം)ൽ പരിശീലനം നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല.** ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും പരിശീലനം നടത്തുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.
6. **സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ വിജയിച്ചവർ മാത്രം സിവിൽ സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചാൽ മതിയാകും.**
7. മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലനത്തിന് ആകെ 30000 രൂപയും (ട്യൂഷൻ ഫീസ് 20000, മെയിന്റനൻസ് അലവൻസ് 10000), സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് ആകെ 50000 രൂപയും (ട്യൂഷൻ ഫീസ് 25000, മെയിന്റനൻസ് അലവൻസ് 25000), ബാങ്കിംഗ് പരീക്ഷാ പരിശീലനത്തിന് ആകെ 20000 രൂപയും (ട്യൂഷൻ ഫീസ് 10000,മെയിന്റനൻസ് അലവൻസ് 10000) ആണ് പരമാവധി സ്കോളർഷിപ്പ് അനുവദിക്കുന്നത്.
8. അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം ലഭ്യമാകണമെന്നില്ല. ലഭ്യമായ ഫണ്ടിനനുസരിച്ച് ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

9. www.eep.bcdd.kerala.gov.inഎന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.**06.11.2017** മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതും **30.11.2017** ന് വൈകുന്നേരം **5.00** മണിക്ക് അവസാനിക്കുന്നതുമാണ്. യാതൊരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകുന്നതല്ല.
10. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതും, സിസ്റ്റം ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ(**EEP Number)** തുടർന്നുള്ള ആവശ്യങ്ങൾക്കായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.
11. അപേക്ഷയിൽ സ്വന്തം ഇമെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
12. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം വരുമാനം രേഖപ്പെടുത്തേണ്ടത്. ടി വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, തീയതിയും രേഖപ്പെടുത്തണം.
13. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.
14. ഒരു വ്യക്തി ഏതെങ്കിലും ഒരു സ്കീമിന് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. **മുൻപ്ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ അപേക്ഷിക്കാൻ പാടില്ല.**
15. ഓൺലൈൻ രജിസ്റ്റർ ചെയ്യുമ്പോൾ അപേക്ഷകന്റെ പേരിലുള്ളലൈവ് ആയ ബാങ്ക് അക്കൗണ്ട് തന്നെ എന്റർ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. രക്ഷിതാവിന്റേയോ, മറ്റുള്ളവരുടേയോ പേരിലുള്ള ബാങ്ക് അക്കൗണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു പ്രാവശ്യമെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
16. **മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനത്തിന് സഹായത്തിനായി അപേക്ഷിക്കുന്നവർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. നിലവിൽഹയർസെക്കന്ററിക്ക് പഠിച്ചുകൊണ്ടിരിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ (2014-15, 2015-16, 2016-17)ഹയർസെക്കന്ററി പരീക്ഷ 80% മോ അധിലധികമോ മാർക്കോടെ വിജയിച്ചവർ മാത്രമേ അർഹരായിരിക്കുകയുള്ളൂ. മറ്റു സ്കീമുകളിലെ അപേക്ഷകരുടെ പ്രായപരിധി - 18 നും 39 നും മധ്യേ**
17. റവന്യൂ അധികൃതർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനം ആയിരിക്കണം ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. ഇത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.
18. ഓരോ മത്സര പരീക്ഷകൾക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.
19. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് (നിശ്ചിത സ്ഥാനത്ത് അപേക്ഷകൻ ഒപ്പ് വച്ചിരിക്കണം), ജാതി, വരുമാനം,SSLC, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും, ഓൺലൈനിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് ശതമാനം തെളിയിക്കുന്ന Mark List/ Consolidated Mark Listന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം (മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു),സ്ഥാപനത്തിൽ ഫീസ് അടച്ച ഒറിജിനൽ രസീത്,ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ, ആധാർ/ റേഷൻകാർഡ്-ന്റെ പകർപ്പ്** എന്നിവ ചുവടെ രേഖപ്പെടുത്തും പ്രകാരമുള്ള മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

*(മറുപുറം)*

**a) <u>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളിലെ അപേക്ഷകർ</u>**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം മേഖലാ ഓഫീസ്,
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,
എറണാകുളം - 682030
ഫോൺ/ഫാക്സ് : 0484-2429130
*email: bcddekm@gmail.com*

**b) <u>തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്എന്നീ 7 ജില്ലകളിലെ അപേക്ഷകർ</u>**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട് മേഖലാ ഓഫീസ്,
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (ഒന്നാം നില), കോഴിക്കോട്-673020
ഫോൺ : 0495-2377786
ഫാക്സ് :0495-2377796
*Email: bcddkkd@gmail.com*

20. അപേക്ഷയും അനുബന്ധ രേഖകളും നൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി 32cm x 25 cm വലിപ്പത്തിലുളള കവറിൽഅയക്കേണ്ടതാണ്. കവറിനു പുറത്ത് **Application for Employability Enhancement Programme 2017-18** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
21. അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റോ/കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റോ ആണ് ഹാജരാക്കേണ്ടത്. മറിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് അല്ല.
22. സിവിൽ സർവ്വീസ് വിഭാഗത്തിലെ അപേക്ഷകർ പ്രിലിംസ്/ഫൈനൽ പരീക്ഷകൾക്ക് ലഭിച്ച സ്കോർ/നിലവാരം കാണിക്കുന്ന രേഖകൾ കൂടി അയക്കേണ്ടതാണ്.
23. <u>ഈ പദ്ധതി സംബന്ധിച്ച എല്ലാ അറിയിപ്പുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.</u>

**(ഒപ്പ്)**
**ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

പകർപ്പ് :
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
ഡയറക്ടർ ,ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.സ.വി.വ - എറണാകുളം/കോഴിക്കോട്
ഐ.ടി. ഡിവിഷൻ, പിവിവിവ
നോട്ടീസ് ബോർഡ്
കരുതൽ/അധികം

## സാക്ഷ്യപത്രം

...........................................................................................................................................................................................................

................................................................................ (അപേക്ഷകന്റെ പേരും വിലാസവും) എന്ന പരിശീലനാർത്ഥി ................................................................. ജില്ലയിലെ ................................................................................................. എന്ന സ്ഥാപനത്തിൽ Medical Engg Entrance/Civil Service /Bank Clerk/bank Probationary Officer* കോഴ്സിന് Sunday/Mon/Tue/Wed /Thu/Fri/Sat/Daily/Evening/Holyday** ബാച്ചിൽ ..................................... തീയതി മുതൽ ചേർന്നിട്ടുണ്ട് എന്നും, കോഴ്സ് കാലാവധി പരമാവധി ...................... മാസം ആണെന്നും, ടി ആൾ കൃത്യ മായി ക്ലാസിൽ ഹാജരാകുന്നുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു. ഈ കോഴ്സിന്റെ ആകെ ഫീസ് .................................. രൂപയാണെന്നും, ഇതിനകം .................................................... രൂപ ഫീസിനത്തിൽ ഈടാക്കിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതി നായി ഈ സാക്ഷ്യപത്രം അനുവദിക്കുന്നു. സ്ഥാപനം .................................. ***വർഷത്തിലേറെയായി പ്രവർത്തിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : സ്ഥാപനമേധാവിയുടെ പേരും
തീയതി : സീൽ ഒപ്പും മേൽവിലാസവും

* ഓൺലൈനിൽ രജിസ്റ്റർ ചെയ്തത് പ്രകാരം.
** ബാധകമായത് ടിക് ചെയ്യുക.
*** എത്ര വർഷമെന്നത് എഴുതുക.

**************************************************************************************************************

*സ്ഥാപനമേധാവിയുടെ ശ്രദ്ധയ്ക്ക് -*
*പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച്, ആവശ്യപ്പെടുന്ന പക്ഷം അഡ്മിഷൻ, അറ്റന്റൻസ് സംബന്ധമായ രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്*

**************************************************************************************************************

# എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2017-18

## ഓൺലൈൻ രജിസ്ട്രേഷൻ - നിർദ്ദേശങ്ങൾ

1. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ്, സിവിൽ സർവ്വീസ്പരീക്ഷ, ബാങ്കിങ് സർവ്വീസ് എന്നിങ്ങനെ 3 വിഭാഗങ്ങളിലായാണ് അപേക്ഷ തരം തിരിച്ചിരിക്കുന്നത്.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. ഏതെങ്കിലും ഒരു സ്കീമിനു മാത്രമേ അപേക്ഷിക്കാവൂ.
4. യാതൊരു കാരണവശാലും ഒരു വ്യക്തി ഒന്നിലധികം അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ പാടില്ല.
5. **മെഡിക്കൽ/ എഞ്ചിനീയറിങ് എൻട്രൻസ് സ്കീമിൽ സഹായത്തിന് അപേക്ഷിക്കുന്നവർക്ക് 17 വയസ് പൂർത്തിയായിരിക്കണം. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ (2014-15, 2015- 2016, 2016-17) ഹയർ സെക്കന്ററി പരീക്ഷ വിജയിച്ചവർ മാത്രമേ അർഹരായിരിക്കൂ.**
6. മറ്റു സ്കീമുകളിലെ അപേക്ഷകർ 18 നും 39 നും മധ്യേ പ്രായമുള്ളവരായിരിക്കണം.
7. **ഓൺലൈൻ അപേക്ഷയിൽ ഇമെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തണം**
8. കുടുബ വാർഷിക വരുമാനം 2,00,000 രൂപയിൽ അധികരിക്കരുത്. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം വരുമാനം രേഖപ്പെടുത്തേണ്ടത്. ടി വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, തീയതിയും രേഖപ്പെടുത്തണം.
9. ഓരോ സ്കീമിനുമുള്ള അടിസ്ഥാന യോഗ്യത ആദ്യം സെലക്ട് ചെയ്യുക. ടി യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലായിരിക്കണം ലഭിച്ച മാർക്ക്/ഗ്രേഡിന്റെ ശതമാനം രേഖപ്പെടുത്തേണ്ടത്.
10. ബാങ്ക് അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ അക്കൗണ്ട് പാസ്ബുക്കിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുക.
11. അപേക്ഷയിലെ വിവരങ്ങൾ പൂർണമായി എന്റർ ചെയ്ത ശേഷം Register ബട്ടൺ ക്ലിക്ക് ചെയ്യുക. **സിസ്റ്റം ജനറേറ്റ് ചെയ്യുന്ന അപേക്ഷാ നമ്പർ തുടർന്നുള്ള ആവശ്യങ്ങൾക്ക് വേണ്ടി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.**
12. **അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.**
13. **പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ പതിച്ച ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട്, ജാതി, വരുമാനം, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപനമേധാവി നൽകുന്ന സാക്ഷ്യ പത്രം , സ്ഥാപനത്തിൽ ഫീസ് അടച്ച രസീത് ,ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ആധാർ/ റേഷൻകാർഡ് ന്റെ പകർപ്പ്** എന്നിവ**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, എന്നീ ജില്ലകളിൽപ്പെട്ടവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ, രണ്ടാംനില, കാക്കനാട്, എറണാകുളം-682030 എന്ന വിലാസത്തിലും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ടവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ, കോഴിക്കോട്-673020**എന്ന വിലാസത്തിൽ നിർദ്ദേശിക്കപ്പെടുന്ന തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.
14. ഈ പദ്ധതി സംബന്ധിച്ച തുടർന്നുള്ള എല്ലാ അറിയിപ്പുകളും ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ടി അറിയിപ്പുകൾ പ്രകാരം അപേക്ഷകർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
15. ഡാറ്റാ എൻട്രിയ്ക്ക് നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട മേഖലാ ആഫീസുകളുടെ ഇ മെയിൽ വിലാസത്തിൽ മാത്രം അറിയിക്കേണ്ടതാണ്.